
യൂസർ ഗൈഡ്

# ഡിജിറ്റൽ സ്ക്വയർ

സ്വതന്ത്ര സാങ്കേതികവിദ്യ അധിഷ്ഠിത പ്രൈമറി ഡിജിറ്റൽ സ്വയംപഠന പ്ലാറ്റ്ഫോം




## Digital Square

**പൊതുവിദ്യാഭ്യാസ വകുപ്പ്, കേരള സർക്കാർ**

നിർവ്വഹണം:
കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എജുക്കേഷൻ (KITE)

**Digital Square**
*Learning Today, Leading Tomorrow*

# 📋 ഉള്ളടക്കം

1. ആമുഖം — പേജ് 3
2. പാക്കേജ് ഇൻസ്റ്റലേഷൻ — പേജ് 4
3. ഡിജിറ്റൽ സ്ക്വയർ ഡെസ്ക്ടോപ്പ് സംവിധാനം — പേജ് 8
4. പഠന വിഭവങ്ങൾ ഉപയോഗിക്കുന്ന രീതി — പേജ് 12
5. ഡിജിറ്റൽ സ്ക്വയറിൽ നിന്ന് പുറത്തുകടക്കലും പവർ ഓഫാക്കലും — പേജ് 14
6. ഡിജിറ്റൽ സ്ക്വയർ അൺഇൻസ്റ്റാൾ ചെയ്യൽ — പേജ് 15

# 1 ആമുഖം

സംസ്ഥാന സർക്കാരിന്റെ **100 ദിന കർമപദ്ധതിയുടെ** ഭാഗമായി പ്രൈമറി വിഭാഗം സ്കൂൾ കുട്ടികൾക്കും സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സ്വയംപഠന അനുഭവങ്ങൾ ലഭ്യമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച്, **കൈറ്റ് (KITE - Kerala Infrastructure and Technology for Education)** വഴി നടപ്പിലാക്കുന്ന പ്രത്യേക പദ്ധതിയാണ് **ഡിജിറ്റൽ സ്ക്വയർ (Digital Square)**.

കളികളിലൂടെയുള്ള പഠനം, ഡിജിറ്റൽ സാക്ഷരത, സർഗ്ഗാത്മകത, സ്വയംപഠന ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്ക് സ്വതന്ത്ര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

**പ്രധാന ലക്ഷ്യങ്ങൾ:**


- **സ്വയംപഠന സംസ്കാരം വളർത്തുക**: കുട്ടികൾക്ക് സ്വന്തമായി കണ്ടെത്താനും പരീക്ഷണങ്ങൾ നടത്താനും പഠിക്കാനുമുള്ള സ്വതന്ത്ര പരിസരം ഒരുക്കുക.
- **സർഗ്ഗാത്മകത വികസിപ്പിക്കുക**: ഡിജിറ്റൽ ചിത്രരചന, സംഗീതം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുക.
- **ചിന്താശേഷിയും പ്രശ്നപരിഹാരശേഷിയും വളർത്തുക**: കോഡിംഗ്, പസിലുകൾ, ലോജിക്കൽ കളികൾ എന്നിവയിലൂടെ കുട്ടികളിൽ ശാസ്ത്രീയ ചിന്താശേഷി വികസിപ്പിക്കുക.
- **പാഠപുസ്തക അധിഷ്ഠിത പഠനം**: വിവിധ പാഠവിഷയങ്ങളിലെ പഠനാനുഭവങ്ങളെ ഡിജിറ്റൽ ആക്റ്റിവിറ്റികളിലൂടെ മെച്ചപ്പെടുത്താൻ സഹായിക്കുക.
- **ഐ.സി.ടി. പാഠപുസ്തക വിനിമയം**: ലോവർ പ്രൈമറി, അപ്പർ പ്രൈമറി ക്ലാസുകളിലെ ഐ.സി.ടി. പാഠപുസ്തകങ്ങളായ **'കളിപ്പെട്ടി' (LP)**, **'ഈവിദ്യ' (UP)** എന്നിവ ഫലപ്രദമായി വിനിമയം ചെയ്യുക.

# 2 പാക്കേജ് ഇൻസ്റ്റലേഷൻ

വിദ്യാലയങ്ങളിലെ കമ്പ്യൂട്ടറുകളിൽ ഡിജിറ്റൽ സ്ക്വയർ സംവിധാനം ഇൻസ്റ്റാൾ ചെയ്യുന്നതിനായി `digital-square-installer` എന്ന ഇൻസ്റ്റാളർ സോഫ്റ്റ്‌വെയർ ഉപയോഗിക്കാം.

### 1. ഇൻസ്റ്റാളർ തുറക്കുക


ഫയൽ മാനേജറിലുള്ള (അഥവാ USB ഡ്രൈവിലുള്ള) `digital-square-installer` ഐക്കണിൽ ഡബിൾ ക്ലിക്ക് ചെയ്യുക.




*ചിത്രം 2.1: digital-square-installer ഫയൽ ഐക്കൺ*

**USB ഡ്രൈവ് ഫോർമാറ്റിംഗും പെർമിഷനും:**


- **exFAT ഫയൽ സിസ്റ്റം ഫോർമാറ്റിംഗ്**: ഇൻസ്റ്റാളർ കോപ്പി ചെയ്യുന്നതിനായി USB ഡ്രൈവുകൾ **exFAT** ഫയൽ സിസ്റ്റത്തിൽ ഫോർമാറ്റ് ചെയ്യുന്നതാണ് അഭികാമ്യം. FAT32 ഫയൽ സിസ്റ്റത്തിൽ ഇഗ്സിക്യൂട്ടബിൾ ഫയൽ പെർമിഷൻ ലഭ്യമാകില്ല.
- **പെൻഡ്രൈവിൽ നിന്ന് പെർമിഷൻ നൽകാൻ കഴിയില്ലെങ്കിൽ**: FAT32 ഫയൽ സിസ്റ്റത്തിലുള്ള പെൻഡ്രൈവിൽ നിന്ന് നേരിട്ട് പെർമിഷൻ നൽകാൻ കഴിയില്ല. അതിനാൽ, `digital-square-installer` ഫയൽ കമ്പ്യൂട്ടറിലെ **Documents** അല്ലെങ്കിൽ **Home** ഫോൾഡറിലേക്ക് കോപ്പി ചെയ്തു വച്ച ശേഷം Properties -> Permissions വഴി എക്സിക്യൂട്ട് പെർമിഷൻ നൽകി പ്രവർത്തിപ്പിക്കാം.
- **ഡബിൾ ക്ലിക്ക് ചെയ്യുമ്പോൾ ഇൻസ്റ്റാളർ തുറന്നുവരുന്നില്ലെങ്കിൽ**:
  1. `digital-square-installer` ഫയലിൽ റൈറ്റ് ക്ലിക്ക് (Right Click) ചെയ്ത് **Properties** തിരഞ്ഞെടുക്കുക.
  2. തുറന്നു വരുന്ന ജാലകത്തിൽ **Permissions** ടാബ് തിരഞ്ഞെടുക്കുക.
  3. **Execute:** എന്നതിന് നേരെ കാണുന്ന `Allow executing file as program` എന്ന ബട്ടണിൽ ടിക്ക് (☑) രേഖപ്പെടുത്തുക.
  4. ഫയൽ ഡബിൾ ക്ലിക്ക് ചെയ്ത് ഇൻസ്റ്റാളർ തുറന്ന് പ്രവർത്തനം തുടരാവുന്നതാണ്.




*ചിത്രം 2.2: Installer Properties - Allow executing file as program*

## 2. സ്വാഗത ജാലകം


ഇൻസ്റ്റാളർ തുറക്കുമ്പോൾ ഡിജിറ്റൽ സ്ക്വയർ സംവിധാനത്തിന്റെ പ്രധാന വിവരങ്ങൾ കാണിക്കുന്ന ജാലകം ലഭ്യമാകും. തുടരുന്നതിനായി `Next >` ബട്ടൺ അമർത്തുക.




*ചിത്രം 2.3: Digital Square Setup Wizard Welcome Screen*

## 3. അക്കൗണ്ട് സെറ്റിംഗ്സ്

കുട്ടികൾക്ക് ഡിജിറ്റൽ സ്ക്വയർ സ്വയംപഠന പ്ലാറ്റ്ഫോം സുരക്ഷിതമായി ഉപയോഗിക്കുന്നതിനായി **'digitalsquare'** എന്ന പേരിൽ ഒരു ഡെഡിക്കേറ്റഡ് സിസ്റ്റം യൂസർ അക്കൗണ്ട് കമ്പ്യൂട്ടറിൽ സൃഷ്ടിക്കപ്പെടുന്നു. ഈ പുതിയ യൂസർ അക്കൗണ്ടിനായുള്ള പാസ്‌വേഡ് 'Password', 'Confirm Password' ബോക്സുകളിൽ ടൈപ്പ് ചെയ്ത ശേഷം `Next >` ബട്ടൺ അമർത്തുക.





*ചിത്രം 2.4: Digital Square Account Settings Screen*

## 4. കണ്ടന്റ് പാക്കേജ് തിരഞ്ഞെടുക്കൽ

വിദ്യാലയ വിഭാഗത്തിനനുയോജ്യമായ പാക്കേജുകൾ തിരഞ്ഞെടുക്കുക:

- **LP വിഭാഗം (ക്ലാസ് 1-4)**: `LP Data Packs` മാത്രം തിരഞ്ഞെടുക്കുക.
- **UP വിഭാഗം (ക്ലാസ് 5-7)**: `UP Data Packs` മാത്രം തിരഞ്ഞെടുക്കുക.
- **LP & UP വിഭാഗമുള്ള സ്കൂളുകൾ (ക്ലാസ് 1-7)**: `LP Data Packs`, `UP Data Packs` രണ്ടും തിരഞ്ഞെടുക്കാം.


തിരഞ്ഞെടുത്ത ശേഷം താഴെ വലതുഭാഗത്തുള്ള **`Install`** ബട്ടൺ അമർത്തുക.




*ചിത്രം 2.5: Digital Square Select Content Data Packs Screen*

## 5. അഡ്മിനിസ്ട്രേറ്റർ പാസ്‌വേഡ് നൽകുക


സിസ്റ്റത്തിലേക്ക് സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിനായി അഡ്മിനിസ്ട്രേറ്ററുടെ (Sudo Root) പാസ്‌വേഡ് ചോദിക്കുന്ന ജാലകം തുറന്നു വരും. ഇതിൽ അഡ്മിൻ പാസ്‌വേഡ് ടൈപ്പ് ചെയ്ത ശേഷം **`Authenticate`** ബട്ടൺ അമർത്തുക.




*ചിത്രം 2.6: Authentication Required Password Dialog*

## 6. ഇൻസ്റ്റലേഷൻ പുരോഗതി


ഇൻസ്റ്റാളർ സ്വയമേവ സിസ്റ്റത്തിലേക്ക് സോഫ്റ്റ്‌വെയർ പാക്കേജുകളും ഫോണ്ടുകളും ഡാറ്റാ പാക്കുകളും ഇൻസ്റ്റാൾ ചെയ്യുന്നത് കാണാം. പ്രോഗ്രസ് ബാർ പൂർത്തിയാകുന്നതുവരെ കാത്തിരിക്കുക.




*ചിത്രം 2.7: Installing Digital Square Progress Screen*

## 7. ഇൻസ്റ്റലേഷൻ പൂർത്തീകരണവും പ്രവേശന മാർഗ്ഗങ്ങളും

ഇൻസ്റ്റലേഷൻ വിജയകരമായി പൂർത്തിയായി കഴിയുമ്പോൾ വിവരങ്ങൾ കാണിക്കുന്ന സന്ദേശ ജാലകം പ്രത്യക്ഷപ്പെടും. ഇൻസ്റ്റലേഷന് ശേഷം കമ്പ്യൂട്ടറിൽ പുതുതായി സൃഷ്ടിക്കപ്പെട്ട **'digitalsquare'** എന്ന പ്രത്യേക യൂസർ അക്കൗണ്ടിലേക്ക് ലോഗിൻ ചെയ്ത് ഡിജിറ്റൽ സ്വയംപഠന പ്ലാറ്റ്ഫോമിലേക്ക് പ്രവേശിക്കാം. താഴെ വലതുഭാഗത്തുള്ള `Finish` ബട്ടൺ അമർത്തി ഇൻസ്റ്റലേഷൻ വിസാർഡ് പൂർത്തിയാക്കി പുറത്തുകടക്കാം.




*ചിത്രം 2.8: Digital Square Installation Completed Successfully Screen*

# 3 ഡിജിറ്റൽ സ്ക്വയർ ഡെസ്ക്ടോപ്പ് സംവിധാനം

## 1. ലോഗിൻ ജാലകം


കമ്പ്യൂട്ടറിലെ നിലവിലെ യൂസർ അക്കൗണ്ടിൽ നിന്ന് ലോഗ് ഔട്ട് (Log Out) ചെയ്യുമ്പോൾ ലോഗിൻ ജാലകത്തിൽ `Digital Square` എന്ന യൂസർ അക്കൗണ്ട് ലഭ്യമാകും. ഇതിൽ ക്ലിക്ക് ചെയ്യുക.




*ചിത്രം 3.1: KITE GNU Linux Login Screen showing Digital Square User*

## 2. പാസ്‌വേഡ് നൽകുക


**Digital Square** യൂസർ അക്കൗണ്ടിൽ ഇൻസ്റ്റലേഷൻ വേളയിൽ നൽകിയ പാസ്‌വേഡ് എൻട്രി ബോക്സിൽ ടൈപ്പ് ചെയ്ത് Enter അമർത്തുക.




*ചിത്രം 3.2: Digital Square Login Password Input Prompt*

## 3. ക്ലാസ് തിരഞ്ഞെടുക്കൽ


ലോഗിൻ പൂർത്തിയാകുമ്പോൾ ഡിജിറ്റൽ സ്ക്വയറിന്റെ പ്രധാന സ്വയംപഠന ജാലകം തുറന്നുവരും. ഇതിൽ കാണുന്ന 1 മുതൽ 7 വരെയുള്ള ക്ലാസുകളുടെ പ്രൊഫൈൽ ബബിളുകളിൽ സ്വന്തം ക്ലാസ് (ഉദാഹരണത്തിന്: `ക്ലാസ്: 7`) ക്ലിക്ക് ചെയ്യുക.




*ചിത്രം 3.3: Digital Square Class Selection Kiosk Screen*

## 4. ഡിജിറ്റൽ സ്ക്വയർ ഡെസ്ക്ടോപ്പും സവിശേഷതകളും

ക്ലാസ് തിരഞ്ഞെടുത്തു കഴിയുമ്പോൾ കുട്ടികൾക്കായുള്ള ഡിജിറ്റൽ സ്വയംപഠന ഇന്റർഫേസ് ലഭ്യമാകും.





*ചിത്രം 3.4: Digital Square Main Kiosk Interface*

### പ്രധാന സവിശേഷതകൾ:

- **DS Buddy**: കുട്ടികൾക്ക് സ്വാഗതവും സഹായ നിർദ്ദേശങ്ങളും നൽകുന്ന ഇന്ററാക്ടീവ് കഥാപാത്രം (*"ഹലോ! ഞാൻ DS Buddy."*).
- **ടോപ്പ് ബാർ ടൂളുകൾ**: ക്ലാസ് മാറുവാൻ | ഭാഷ സെറ്റിംഗ്സ് | കീബോർഡ് സ്വിച്ചർ | പവർ മെനു
- **ഹോം ഫോൾഡർ (Home)**: താഴെ വലതുഭാഗത്തുള്ള `Home` ഐക്കണിൽ ക്ലിക്ക് ചെയ്ത് യൂസറുടെ ഹോം ഫോൾഡറിലേക്ക് പ്രവേശിക്കാം.

## 5. ആപ്ലിക്കേഷൻ കാറ്റഗറികൾ കാണുന്ന രീതി

**DS Buddy** എന്ന ഇന്ററാക്ടീവ് കഥാപാത്രത്തിൽ ക്ലിക്ക് ചെയ്തോ കീബോർഡിലെ **Super key** (Windows Key) അമർത്തിയോ കുട്ടികൾക്ക് അനുയോജ്യമായ വിവിധ ആപ്ലിക്കേഷൻ വിഭാഗങ്ങളും കാണാവുന്നതാണ്.




*ചിത്രം 3.5: Digital Square Subject Categories View*

**പ്രധാന ആപ്ലിക്കേഷൻ കാറ്റഗറികൾ:**

- **e-വിദ്യ (UP വിഭാഗം - ക്ലാസ് 5-7) / പ്ലേബോക്സ് (LP വിഭാഗം - ക്ലാസ് 1-4)**: ഐ.ടി. പാഠപുസ്തകഭാഗങ്ങളും പ്രവർത്തനങ്ങളും.
- **എഡ്യു ത്രില്‍സ് (Eduthrills)**: പഠനത്തെ കൂടുതൽ രസകരമാക്കുന്ന എജ്യുക്കേഷണൽ കളികളും പസിലുകളും.
- **പോഡ്കാസ്റ്റ് (Podcast)**: പഠന വിഭവങ്ങളുടെ കേൾവിാനുഭവവും ഓഡിയോ ഉള്ളടക്കങ്ങളും.
- **ക്രിയേറ്റീവ് കോർണർ (Creative Corner)**: ഡിജിറ്റൽ ചിത്രരചന, ക്രിയേറ്റീവ് ഡിസൈനിംഗ് ടൂളുകൾ.
- **എക്സ്പെരിമെന്റ് കോർണർ (Experiment Corner)**: സയൻസ്, മാത്സ് സിമുലേഷനുകളും പരീക്ഷണങ്ങളും.
- **വെബ് (Web)**: പഠനാവശ്യങ്ങൾക്കായുള്ള ലിങ്കുകളും സുരക്ഷിത വെബ് ബ്രൗസിംഗും.


## 6. വിഷയങ്ങളും പാഠഭാഗങ്ങളും തിരഞ്ഞെടുക്കൽ

ഏതെങ്കിലും ആപ്ലിക്കേഷൻ കാറ്റഗറിയിൽ (ഉദാഹരണത്തിന്: `എഡ്യൂ ത്രിൽസ്`) ക്ലിക്ക് ചെയ്യുമ്പോൾ അതാത് വിഷയങ്ങൾ കാർഡുകളായി തുറന്നുവരും.




*ചിത്രം 3.6: Digital Square Subjects View Screen*

ആവശ്യമായ വിഷയം (ഉദാഹരണത്തിന്: `അടിസ്ഥാന ശാസ്ത്രം`) തിരഞ്ഞെടുക്കുമ്പോൾ ആ വിഷയത്തിലെ പാഠഭാഗങ്ങളും ഇന്ററാക്ടീവ് പ്രവർത്തനങ്ങളും (ഉദാഹരണത്തിന്: `ചലനത്തിന്റെ തളങ്ങൾ`, `കടൽക്കാറ്റും കരക്കാറ്റും`) ലഭ്യമാകും. പാഠഭാഗത്തിൽ ക്ലിക്ക് ചെയ്ത് ഡിജിറ്റൽ പാഠപുസ്തകത്തിലേക്ക് പ്രവേശിക്കാം.




*ചിത്രം 3.7: Digital Square Chapter Activities Screen*

# 4 പഠന വിഭവങ്ങൾ ഉപയോഗിക്കുന്ന രീതി

ഒരു പഠന പ്രവർത്തനം (ഉദാഹരണത്തിന്: **കടൽക്കാറ്റും കരക്കാറ്റും**) തുറന്ന് പ്രവർത്തിപ്പിക്കുന്ന ഘട്ടങ്ങൾ താഴെ വിവരിക്കുന്നു:

## 1. ആക്റ്റിവിറ്റി കാർഡ് ക്ലിക്ക് ചെയ്യുക


പാഠഭാഗങ്ങളുടെ പട്ടികയിൽ നിന്ന് ആവശ്യമായ പ്രവർത്തനത്തിന്റെ കാർഡിൽ (ഉദാഹരണത്തിന്: `കടൽക്കാറ്റും കരക്കാറ്റും`) ക്ലിക്ക് ചെയ്യുക.




*ചിത്രം 4.1: Opening Application Card - കടൽക്കാറ്റും കരക്കാറ്റും*

## 2. കണ്ടന്റ് വ്യൂവർ ജാലകവും ആപ്പ് ലോഞ്ചറും

ആക്റ്റിവിറ്റി തിരഞ്ഞെടുക്കുമ്പോൾ അതിന്റെ ഡിജിറ്റൽ പാഠഭാഗങ്ങളും വിശദീകരണങ്ങളും അടങ്ങിയ പ്രത്യേക വ്യൂവർ ജാലകം തുറന്നു വരും.




*ചിത്രം 4.2: Digital Square Content Viewer Window*

### വ്യൂവറിലെ പ്രധാന ഭാഗങ്ങൾ:

- **പേജ് നാവിഗേഷൻ**: ടൂൾബാറിലെ `<` `>` അമ്പടയാളങ്ങൾ ഉപയോഗിച്ച് പേജുകൾ മറിക്കാം (`1 / 1`).
- **സൂം കൺട്രോളുകൾ**: പേജിന്റെ വലിപ്പം ക്രമീകരിക്കാൻ `-`, `↔` (Fit Width), `+` ബട്ടണുകൾ ഉപയോഗിക്കാം.
- **ആപ്പ് ലോഞ്ചറുകൾ**: ചില പാഠഭാഗങ്ങളിൽ ഒന്നിലധികം ഇന്ററാക്ടീവ് ആപ്പ് ഐക്കണുകൾ (Floating Chips) ലഭ്യമായിരിക്കും. വ്യൂവറിലുള്ള ഈ ഐക്കണുകളിൽ ക്ലിക്ക് ചെയ്ത് ഇന്ററാക്ടീവ് ഗെയിമുകളിലേക്കോ സിമുലേഷനുകളിലേക്കോ പ്രവേശിക്കാം.
- **അധ്യാപക സഹായി തുറക്കാൻ**: ഡിജിറ്റൽ പാഠപുസ്തക (PDF) വ്യൂവർ ജാലകത്തിൽ നിൽക്കുമ്പോൾ കീബോർഡിലെ `Ctrl` + `T` ഷോർട്ട്കട്ട് അമർത്തിയാൽ അധ്യാപക സഹായി (Teacher Handbook) തുറന്നു വരുന്നതാണ്.

## 3. ഇന്ററാക്ടീവ് പഠന ആപ്ലിക്കേഷനുകൾ

ആപ്പ് ലോഞ്ചറിൽ ക്ലിക്ക് ചെയ്യുമ്പോൾ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സിമുലേഷനുകളും ഗെയിമുകളും അടങ്ങിയ അപ്ലിക്കേഷൻ ജാലകം തുറന്നുവരും. കുട്ടികൾക്ക് പാഠഭാഗങ്ങളിലെ ആശയങ്ങൾ സ്വയം പ്രവർത്തിപ്പിച്ചു നിരീക്ഷിക്കാനും തത്സമയ മാറ്റങ്ങൾ അനുഭവിക്കാനും പ്രയോജനപ്പെടുത്താം.




*ചിത്രം 4.3: Interactive Learning Application Window*

**പാഠപുസ്തകത്തിലേക്ക് മടങ്ങാൻ**: DS Buddy-യുടെ കയ്യിലുള്ള പാഠപുസ്തക ഐക്കണിൽ ക്ലിക്ക് ചെയ്ത് തിരികെ ഡിജിറ്റൽ പാഠപുസ്തക വ്യൂവറിലേക്ക് പ്രവേശിക്കാം.



*ചിത്രം 4.4: Returning to Digital Textbook Viewer*

**ഡിജിറ്റൽ പാഠപുസ്തകം ക്ലോസ് ചെയ്യൽ / മിനിമൈസ് ചെയ്യൽ**: ആപ്പ് പ്രവർത്തിക്കുമ്പോൾ പാഠപുസ്തക വ്യൂവറിലെ `×` (Close) ബട്ടൺ അമർത്തിയാൽ ജാലകം DS Buddy-യുടെ കയ്യിലേക്ക് മിനിമൈസ്ഡ് ആകുന്നു.





*ചിത്രം 4.5: DS Buddy Holding Digital Textbook (Minimized State)*

> 🔄 **ടാസ്ക് പൂർത്തിയാക്കലും അൺലോഡ് ചെയ്യലും:**
>
> - **ഒറ്റ ആപ്ലിക്കേഷനുള്ള പാഠഭാഗങ്ങൾ**: ഇന്ററാക്ടീവ് ആപ്പ് ജാലകത്തിലെ `×` (Close) ബട്ടൺ അമർത്തുമ്പോഴാണ് ടാസ്ക് അൺലോഡ് ആകുന്നത്.
> - **ഒന്നിലധികം ആപ്പുകളുള്ള പാഠഭാഗങ്ങൾ**: എല്ലാ ആപ്പുകളും തുറന്ന് പ്രവർത്തിച്ച് പൂർത്തിയാക്കി ക്ലോസ് ചെയ്യുമ്പോഴാണ് ടാസ്ക് പൂർണ്ണമായി അൺലോഡ് ആകുന്നത്.
> - **ഒരു സമയം ഒരു പ്രവർത്തനം**: ഡിജിറ്റൽ സ്ക്വയർ സിസ്റ്റത്തിൽ ഒരു സമയം ഒരു ഇന്ററാക്ടീവ് ആപ്ലിക്കേഷൻ മാത്രമേ പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ.

# 5 ഡിജിറ്റൽ സ്ക്വയറിൽ നിന്ന് പുറത്തുകടക്കലും പവർ ഓഫാക്കലും

പഠനപ്രവർത്തനങ്ങൾ പൂർത്തിയാക്കി ഡിജിറ്റൽ സ്ക്വയറിൽ നിന്ന് പുറത്തുകടക്കാനോ കമ്പ്യൂട്ടർ ഓഫാക്കാനോ താഴെ പറയുന്ന ഘട്ടങ്ങൾ പാലിക്കുക:

1. **പവർ മെനു ഐക്കൺ ക്ലിക്ക് ചെയ്യുക**: മുകളിൽ വലതുഭാഗത്തുള്ള പവർ ഐക്കണിൽ  ക്ലിക്ക് ചെയ്യുക.
2. **ലോഗ് ഔട്ട് ചെയ്യുക / ഓഫാക്കുക**: തുറന്നു വരുന്ന മെനുവിൽ നിന്ന്:
   - **Log Out**: സ്വയംപഠന സെഷൻ അവസാനിപ്പിച്ച് പ്രധാന ലോഗിൻ സ്ക്രീനിലേക്ക് മടങ്ങാൻ **Log Out** തിരഞ്ഞെടുക്കുക.
   - **Power Off**: കമ്പ്യൂട്ടർ പൂർണ്ണമായും ഷട്ട് ഡൗൺ ചെയ്തു ഓഫാക്കുന്നതിനായി **Power Off...** തിരഞ്ഞെടുക്കുക.





*ചിത്രം 5.1: Digital Square System Power Off / Log Out Menu*

# 6 ഡിജിറ്റൽ സ്ക്വയർ അൺഇൻസ്റ്റാൾ ചെയ്യൽ

## 1. ഇൻസ്റ്റാളർ സോഫ്റ്റ്‌വെയർ തുറന്നു അൺഇൻസ്റ്റാൾ തിരഞ്ഞെടുക്കുക

ഫയൽ മാനേജറിലുള്ള `digital-square-installer` ഫയലിൽ ഡബിൾ ക്ലിക്ക് ചെയ്യുക. വിസാർഡിൽ **Uninstall Digital Square from this computer** തിരഞ്ഞെടുത്ത് `Next >` ബട്ടൺ അമർത്തുക.





*ചിത്രം 6.1: Digital Square Setup Wizard - Uninstall Option*

## 2. നീക്കം ചെയ്യേണ്ട കണ്ടന്റ് ഘടകങ്ങൾ തിരഞ്ഞെടുക്കുക

തുറന്നു വരുന്ന ജാലകത്തിൽ കോർ ആപ്ലിക്കേഷനും LP / UP ഡാറ്റാ പാക്കുകളും ലിസ്റ്റ് ചെയ്യപ്പെടും. നീക്കം ചെയ്യേണ്ട ഘടകങ്ങളിൽ ടിക്ക് രേഖപ്പെടുത്തിയ ശേഷം `Uninstall` ബട്ടൺ അമർത്തുക.

> ⚠️ **ശ്രദ്ധിക്കുക:**
> ഡിജിറ്റൽ സ്ക്വയർ കോർ ആപ്ലിക്കേഷൻ നീക്കം ചെയ്യുമ്പോൾ കമ്പ്യൂട്ടറിലെ **digitalsquare** യൂസർ അക്കൗണ്ടും അതിലെ ഹോം ഫോൾഡർ ഡാറ്റകളും പൂർണ്ണമായും മായ്ക്കപ്പെടും.


**അഡ്മിൻ പാസ്‌വേഡ് നൽകുക**: സിസ്റ്റത്തിൽ നിന്ന് സോഫ്റ്റ്‌വെയർ നീക്കം ചെയ്യുന്നതിനായി തുറന്നുവരുന്ന ജാലകത്തിൽ കമ്പ്യൂട്ടറിലെ അഡ്മിൻ പാസ്‌വേഡ് നൽകി `Authenticate` ബട്ടൺ അമർത്തുക.




*ചിത്രം 6.2: Remove Digital Square Component Selection*

## 3. അൺഇൻസ്റ്റലേഷൻ പുരോഗതി


സോഫ്റ്റ്‌വെയർ പാക്കേജുകളും ഡാറ്റാ പാക്കുകളും സിസ്റ്റത്തിൽ നിന്ന് നീക്കം ചെയ്യുന്നതിന്റെ പ്രോഗ്രസ് ബാറും വിവരങ്ങളും ജാലകത്തിൽ കാണാം. അൺഇൻസ്റ്റലേഷൻ പൂർത്തിയാകുന്നതുവരെ കാത്തിരിക്കുക.




*ചിത്രം 6.3: Uninstalling Digital Square Progress Screen*

## 4. അൺഇൻസ്റ്റലേഷൻ പൂർത്തീകരണം

അൺഇൻസ്റ്റലേഷൻ വിജയകരമായി പൂർത്തിയായി കഴിയുമ്പോൾ സന്ദേശ ജാലകം പ്രത്യക്ഷപ്പെടും. `Finish` ബട്ടൺ അമർത്തി അൺഇൻസ്റ്റലേഷൻ വിസാർഡ് പൂർത്തിയാക്കി പുറത്തുകടക്കാം.




*ചിത്രം 6.4: Uninstallation Completed Successfully Screen*